2. 06.30 ചൂരുപ്പാറ

3. 05.30 ഒറ്റപ്പാലം

4. 07.00 പാലക്കുഴി

5. 06.00 ഒലിപ്പാറ-തൃശ്ശൂർ

6. 07.10 കുത്തക്കുളം-തൃശ്ശൂർ

7. 06.20 ആലത്തൂർ-കോഴിക്കോട്

പാലക്കാട് യൂണിറ്റ്

1. 11.00 തോലന്നൂർ

2. 09.30 കാരപ്പാറ

3. 11.45 കുറ്റിപ്പുറം

4. 07.00 കുറ്റിപ്പുറം

5. 06.00 കുറ്റിപ്പുറം

6. 07.00 ഗുരുവായൂർ

7. 07.00 വിക്ടോറിയ

8. 13.30 കാരപ്പാറ

9. 12.30 പോത്ത്പ്പാറ

10. 07.15 ഗുരുവായൂർ

11. 07.30 തോലന്നൂർ

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ

315 (3137) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായോ ;

(സി) അപകടങ്ങൾ പരമാവധി കുറയ്ക്കുവാൻ വേണ്ടി പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തുകയുണ്ടായോ ;

(ഡി) ഈ സർക്കാർ റോഡ് സുരക്ഷാ അതോറിറ്റിക്ക് ബഡ്ജറ്റ് വിഹിതം വേണ്ടത്ര അനുവദിക്കുകയുണ്ടായോ ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂക അതോറിറ്റിക്ക് ബഡ്ജറ്റ് വിഹിതമായി ഓരോ സാമ്പത്തിക വർഷം തിരിച്ച് അനുവദിച്ചതെത്രയെന്നും ചെലവഴിച്ചതെത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അമിതവേഗതയിലും അശ്രദ്ധയിലുമുള്ള ഡ്രൈവിംഗ്, റോഡുകളുടെ ശോചനീയാവസ്ഥ, ഗതാഗത നിയമ ലംഘനങ്ങൾ, അപകടങ്ങൾ ഉണ്ടാകുവാൻ സാധ്യതയുള്ള മേഖലകളെപ്പറ്റി മുൻകൂട്ടിയുള്ള ധാരണയില്ലായ്മ, യഥാസ്ഥാനങ്ങളിൽ സിഗ്നലുകളുടെ അപര്യാപ്തത തുടങ്ങിയവയാണ് അപകട കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്.

(ബി) റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ യഥാസമയം PWD അധികാരികളെ അറിയിച്ചും റോഡിന്റെ പല ഭാഗത്തുമായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും ഡ്രൈവേഴ്സ് യൂണിയനുകളെ സംഘടിപ്പിച്ച് സ്റ്റുഡന്റ് പോലീസിന്റെ സഹകരണത്തോടെ ബോധവൽക്കരണം നടത്തിയും റോഡ് അപകടങ്ങൾ ഇല്ലാതാക്കാൻ ശ്രമിച്ചുവരുന്നു. അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാനപങ്കുവഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർവാഹന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവേണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹനവകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നിന് പ്രത്യേകശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിച്ചുവരുന്നു.

ഇതിനുപുറമെ സംസ്ഥാനത്ത് ഉണ്ടാകുന്ന മോട്ടോർ ആക്സിഡന്റ് റിവ്യൂ ചെയ്യുന്നതിനായി സംസ്ഥാനതലത്തിൽ റോഡ് സുരക്ഷാ കമ്മീഷണർ കൺവീനറായി സ്റ്റേറ്റ് ലെവൽ ആക്സിഡന്റ് റിവ്യൂ കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാ പോലീസ് മേധാവി കൺവീനറായി ജില്ലാതല ആക്സിഡന്റ് റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇവ സംസ്ഥാനത്ത് ഉണ്ടാകുന്ന പ്രധാനപ്പെട്ട അപകടങ്ങൾ റിവ്യൂ ചെയ്യുവരുന്നു.

(സി) വിലയിരുത്തിവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അതോറിറ്റിക്ക് ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	വരവ്	ചെലവ്
2010-11	15,00,00,000	6,40,64,693
2011-12	15,00,00,000	27,86,93,569
2012-13	15,00,00,000	14,35,81,107
2013-14	38,71,00,000	27,56,76,768
2014-15	50,00,00,000	19,95,78,937

കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസുകൾ

316 (3138) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും റദ്ദ് ചെയ്ത സർവ്വീസുകൾ ഏതെല്ലാമാണ് ; അതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly